Rama Varmha Tampuran.—(a) Yes. The request is for the grant of a major license for the sale of sulphur, etc.

(b) Government do not consider that any public purpose is served thereby.

(c) The request is under the consideration of Government.

(d) Yes.

(e) It was recorded.

Ferries in Mulavukad.

262. മിസ്റ്റർ പി. സി. ചാഞ്ചൻ.—(൧) മുളവുകാട്ടുരാജ്യം എത്ര മൈൽ നീളമുണ്ടെന്നും (൨) എത്ര ഗവമ്മെണ്ടു കടത്തുകൾ ഉണ്ടെന്നും അതു ഏതേതു രാജ്യത്തേക്കാണെന്നും ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ഉത്തരം പറയാമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(൧) ഏകദേശം നാലുനാഴിക.

(൨) അഞ്ചു്. (൧) പോഞ്ഞിക്കര റസിഡൻസി ബങ്കളാവിനു തൊട്ടു വടക്കുഭാഗത്തുനിന്നുഎറണാകുളത്തേക്കു (൨) ഒന്നാം നമ്പർ കടത്തിന്റെ ഏകദേശം ഒന്നരനാഴികവടക്കോട്ടുനീങ്ങി ചാത്ത്യാത്തേക്കു (൩) രണ്ടാം നമ്പർ കടത്തിന്റെ ഏകദേശം രണ്ടുനാഴിക വടക്കോട്ടു നീങ്ങി ചിററൂക്കു്. (൪) ഒന്നാം നമ്പർ കടത്തിന്റെ എതൃഭാഗത്തായി പടിഞ്ഞാറു ഭാഗത്തുനിന്നുവല്ലാർപാടത്തേക്കു. (൫) മൂന്നാം നമ്പർ കടത്തിന്റെ ഏകദേശം അരനാഴിക വടക്കോട്ടു നീങ്ങി വടക്കെ അതൃത്തിയിൽ നിന്നും എളങ്കുന്നപ്പുഴക്കു്.

മിസ്റ്റർ പി. സി. ചാഞ്ചൻ.—മുളവുകാട്ടു് അഞ്ചുകടത്തുണ്ടു്. എന്നാൽ പബ്ലിക്കു് റോഡിന്റെ കേടുകളെപ്പററി ഗവമ്മെണ്ടിനു വല്ലതും അറിവുണ്ടോ?

മിസ്റ്റർ വി കെ അരവിന്ദാക്ഷമേനോൻ.—അവിടെ റോഡായിട്ടില്ലല്ലോ.

മിസ്റ്റർ പി. സി. ചാഞ്ചൻ.—വല്ല വഴിയുമുണ്ടോ?

പ്രസിഡെണ്ടു്.—കടത്തു കടന്നു ചെല്ലുമ്പോളുള്ള വഴികളെപ്പററിയാണൊ ചോദിക്കുന്നതു്?

മിസ്റ്റർ പി. സി. ചാഞ്ചൻ.—അതെ. ഈ അഞ്ചു കടത്തുകളുടെ വാസ്ഥയുള്ള രാജ്യത്തെ വഴികളുടെ സ്ഥിതി ഗവമ്മെണ്ടന്വേഷിക്കാത്തതു എന്തുകൊണ്ടു്? ഇപ്പോഴത്തെ സ്ഥിതിക്കു് ഇനിയും കടത്തുകൾ കുറക്കേണ്ടിവരും.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇതിനെപ്പററി പണ്ടു ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. പോഞ്ഞിക്കര മുളവുകാടു വഴി പഞ്ചായത്തുകാർ ചെയ്യുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ പി. സി. ചാഞ്ചൻ.—പഞ്ചായത്തുകാർ ഇങ്ങിനെ ഒരു വഴി ഉണ്ടെന്നു അറിയുമൊ എന്നുതന്നെ സംശയമാണു്. ഈ പണി ഗവമ്മെണ്ടുതന്നെ ചെയ്യുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—പഞ്ചായത്തു റിപ്പോർട്ടു കിട്ടിയിട്ടു വേണം, അപ്പോൾ ആലോചിക്കാം.

Manjanakkad Night School.

263. മിസ്റ്റർ പി. സി. ചാഞ്ചൻ.—മഞ്ഞനക്കാട്ടു നിശാപാഠശാലയിൽ പഠിക്കുവാൻ പോയ ഒരു പുലയവിദ്യാർത്ഥിയെ ഏതാനും ദിവസങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly